File No.FWLD-B1/119/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6166    20/11/2019 ൽ മറുപടിയ്ക്ക്

### പട്ടാദാർമാർക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ച

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ: | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടയ ഭൂമിയിൽ പട്ടയം ലഭിച്ച ശേഷം കർഷകർ നട്ടുവളർത്തിയതും അല്ലാത്തതുമായ മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട പട്ടാദാർമാർക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 03.09.2019 ന് വനം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ റവന്യൂ വകുപ്പ് മന്ത്രി, മറ്റ് ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ അടക്കം ചേർന്ന യോഗത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (എ) വനം - റവന്യൂ വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സാന്നിദ്ധ്യത്തിൽ 18.07.2019 ലും 03.09.2019 ലും ചർച്ചകൾ നടത്തുകയും, ആയതിൽ പട്ടയസ്ഥലങ്ങളിൽ പട്ടയം ലഭ്യമായതിനുശേഷം പട്ടാദാർമാർ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തു വരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി തുടർനടപടി റവന്യൂ വകുപ്പ് സ്വീകരിക്കുവാൻ ധാരണയാകുകയും ഉണ്ടായി. |
| (ബി) 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം നൽകിയതിനു ശേഷം പ്രസ്തുത പട്ടയ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചതും സ്വമേധയാ കിളിർത്തതുമായ മരങ്ങളുടെ ഉടമസ്ഥാവകാശം പട്ടാദാർമാർക്ക് നൽകുന്നതിനുവേണ്ടി വിശദീകരണ എസ്.ആർ.ഒ. റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പട്ടയ ഭൂമിയിലെ മരം മുറി സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി 1964 ലെ കേരള ഭൂപതിവ് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ അടിയന്തിരമായി തയ്യാറാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മീറ്റിംഗിൽ 1964 ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ശേഷം കർഷകർ നട്ടുപിടിപ്പിച്ചതും സ്വമേധയാ കിളിർത്തതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിന് കേരള ലാന്റ് അസൈൻമെന്റ് റൂൾസ് 1964 ലെ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂവകുപ്പിൽ നിന്നും സ്വീകരിക്കുന്നതിനു തീരുമാനമെടുത്തതിൽ വനം വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ? | (സി) | 1 9 60 ലെ The Kerala Land Assignment Act ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയ കിളിർത്തു വരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിനായുള്ള വിഷയം പരിശോധിച്ച് ശുപാർശ സമർപ്പിക്കുവാൻ സർക്കാർ ലാൻ ഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ